

സൂറ-20

# താഹാ

**ആയത്ത് 108 മുതൽ 111 വരെ**

ഭൗതിക ജീവിതത്തിൽ ഉയിർത്തെഴുന്നേൽപും വിചാരണയും നിഷേധിച്ചു വാണവർക്ക്, പരലോകത്തെത്തിയാൽ അവർ വാദിച്ചിരുന്ന ശിപാർശകരൊന്നും ഫലപ്പെടുകയില്ല. അല്ലാഹുവിന്റെ മുമ്പിൽ ഒച്ചകളെല്ലാം ഒതുങ്ങിപ്പോകുന്ന സാഹചര്യത്തിൽ ആരും അവർക്കുവേണ്ടി ശിപാർശ ചെയ്യാൻ ധൈര്യപ്പെടുകയുമില്ല. അല്ലാഹുവിന്റെ അനുമതി ലഭിക്കുന്നവർ മാത്രമേ അവിടെ സംസാരിക്കുകയുള്ളൂ.

يَوْمَئِذٍ يَتَّبِعُونَ ٱلدَّاعِىَ لَا عِوَجَ لَهُۥ ۖ وَخَشَعَتِ ٱلْأَصْوَاتُ لِلرَّحْمَـٰنِ فَلَا تَسْمَعُ إِلَّا هَمْسًا ﴿١٠٨﴾

108. അന്നാളിൽ മർത്യരൊക്കെയും വക്രതയേതുമില്ലാത്ത വിളിയാളനെ പിന്തുടരുന്നതാകുന്നു. ഒച്ചകളൊക്കെയും കരുണാമയനായ ദൈവത്തിനു മുന്നിൽ ഒതുങ്ങിപ്പോകുന്നു. നേരിയ കാലൊച്ചയല്ലാതൊന്നും കേൾക്കുകയില്ല.

يَوْمَئِذٍ لَّا تَنفَعُ ٱلشَّفَـٰعَةُ إِلَّا مَنْ أَذِنَ لَهُ ٱلرَّحْمَـٰنُ وَرَضِىَ لَهُۥ قَوْلًا ﴿١٠٩﴾

109. അന്നാളിൽ ശുപാർശ പ്രയോജനപ്പെടുന്നതല്ല; കരുണാമയനായ ദൈവം തന്നെ ആർക്കെങ്കിലും അനുമതി നൽകുകയും അവനുവേണ്ടി സംസാരിക്കുന്നത് തൃപ്തിപ്പെടുകയും ചെയ്താലല്ലാതെ.

يَعْلَمُ مَا بَيْنَ أَيْدِيهِمْ وَمَا خَلْفَهُمْ وَلَا يُحِيطُونَ بِهِۦ عِلْمًا ﴿١١٠﴾

110. മനുഷ്യരുടെ മുന്നിലുള്ളതും പിന്നിലുള്ളതുമെല്ലാം അവൻ അറിയുന്നു. അവനല്ലാത്തവരുടെ ജ്ഞാനം അവനെ പൂർണമായി ഉൾക്കൊള്ളുന്നില്ല.

۞ وَعَنَتِ ٱلْوُجُوهُ لِلْحَىِّ ٱلْقَيُّومِ ۖ وَقَدْ خَابَ مَنْ حَمَلَ ظُلْمًا ﴿١١١﴾

111. സമസ്തവും പരിപാലിക്കുന്ന ആ നിത്യജീവന്റെ സമക്ഷം മുഖങ്ങളൊക്കെയും കുനിഞ്ഞുപോകുന്നു. അധർമത്തിന്റെ പാപഭാരം പേറിയവൻ പരാജിതനായതു തന്നെ.

ഒരു വിളിയാളനെ = ٱلدَّاعِىَ അവർ(ജനം) പിന്തുടരുന്നു(ന്നതാകുന്നു) = يَتَّبِعُونَ അന്നാളിൽ = يَوْمَئِذٍ
ഒച്ചകൾ(ഒക്കെയും) = ٱلْأَصْوَاتُ പേടിച്ചരണ്ട് (ഒതുങ്ങിപ്പോകുന്നു) = وَخَشَعَتِ അതിനു വക്രതയേതുമില്ല(ാത്ത) = لَا عِوَجَ لَهُۥ
നീ കേൾക്കുകയില്ല = فَلَا تَسْمَعُ കരുണമയന്(മയനായ ദൈവത്തിനു മുന്നിൽ) = لِلرَّحْمَـٰنِ
പ്രയോജനപ്പെടുകയില്ല = لَّا تَنفَعُ അന്നാളിൽ = يَوْمَئِذٍ നേരിയ കാലൊച്ചയല്ലാതെ (ഒന്നും) = إِلَّا هَمْسًا
അവന്ന് = لَهُ അനുമതി നൽകിയവൻ ഒഴിച്ച് (ആർക്കെങ്കിലും അനുമതി നൽകുകയും) = إِلَّا مَنْ أَذِنَ ശിപാർശ = ٱلشَّفَـٰعَةُ
അവനുവേണ്ടി = لَهُۥ തൃപ്തിപ്പെടുകയും (ചെയ്തവൻ ഒഴിച്ച്) = وَرَضِىَ കരുണാമയൻ(യനായ ദൈവം) = ٱلرَّحْمَـٰنُ
അവൻ അറിയുന്നു = يَعْلَمُ വചനത്താൽ(സംസാരിക്കുന്നത്) = قَوْلًا
അവരുടെ മുമ്പിലുള്ളതും പിന്നിലുള്ളതുതും = مَا بَيْنَ أَيْدِيهِمْ وَمَا خَلْفَهُمْ
അവർ അവനെ ജ്ഞാനത്താൽ വലയം ചെയ്യുന്നില്ല = وَلَا يُحِيطُونَ بِهِۦ عِلْمًا
(അവനല്ലാത്തവർ അവനെ പൂർണമായി ഉൾക്കൊള്ളുന്നില്ല)

| | |
|---|---|
| وَعَنَتِ = കുനിഞ്ഞുപോകുന്നു വിധേയമായി, | ٱلْوُجُوهُ = മുഖങ്ങൾ (ശിരസ്സുകൾ) |
| لِلْحَيِّ = ആ നിത്യജീവന്ന്(ന്റെ സമക്ഷം) | ٱلْقَيُّومِ = (സമസ്തവും) പരിപാലിക്കുന്ന, നിലനിർത്തുന്നവനായ |
| وَقَدْ خَابَ = തീർച്ചയായും പരാജയപ്പെട്ടു(പരാജിതനായതു തന്നെ) | |
| مَنْ حَمَلَ ظُلْمًا = അധർമം(മത്തിന്റെ പാപ ഭാരം) പേറിയവൻ | |

## 108

അന്ത്യനാളിന്റെ വർണന തുടരുകയാണ്. ഇന്ന് നമ്മുടെ വിളിയാളൻ-പ്രവാചകൻ-സന്മാർഗത്തിലേക്ക് വിളിക്കുമ്പോൾ കേൾക്കാൻ കൂട്ടാക്കാതെ തിരിഞ്ഞു നടക്കുകയും അദ്ദേഹത്തെ പരാജയപ്പെടുത്താൻ പലതരത്തിൽ പരിശ്രമിക്കുകയും ചെയ്യുകയാണല്ലോ ഈ ജനങ്ങൾ. എന്നാൽ, ഭൂമിയിലെ നിമ്നോന്നതികളും വളവു തിരിവുകളുമെല്ലാം മായ്ച്ചുകളഞ്ഞ് പരന്നു മിനുത്ത പ്രതലമാക്കുന്ന നാളിൽ ആദിമുതൽ അന്ത്യം വരെയുള്ള സകല മനുഷ്യരും ഉയിർത്തെഴുന്നേൽപിക്കപ്പെടുമ്പോഴും നമ്മിലേക്കു വിളിക്കുന്ന ഒരു വിളിയാളനെ-മലക്കിനെ- അവർ കേൾക്കും. അന്ന് ഇന്നത്തെപ്പോലെ ആർക്കും ആ വിളി അവഗണിക്കാനാവില്ല. ഇടത്തോട്ടോ വലത്തോട്ടോ വളയാതെ, തിരിയാതെ എല്ലാവരും നേരെ ആ വിളിയുടെ ദിശയിലേക്ക് നടക്കും. لَا عِوَجَ لَهُ (അതിനു വക്രതയേതുമില്ല) എന്നാണ് മൂലവാക്ക്. ആ ശബ്ദം സ്ഥായിഭേദമോ താളഭേദമോ ഇല്ലാതെ ഒരേ ദിശയിൽ നിന്ന് വരുന്നതായിരിക്കും. ഇടത്തോട്ടും വലത്തോട്ടും തിരിയാതെ എല്ലാവരും കൃത്യമായി ആ ദിശയിലേക്കുതന്നെ നീങ്ങിക്കൊണ്ടിരിക്കുകയും ചെയ്യും. അല്ലാഹുവിന്റെ വിചാരണ ഓർത്ത് അവരുടെ ഒച്ചകളൊക്കെയും ഒതുങ്ങിപ്പോകുന്നു. ഭയവും വിധേയത്വവും ഭക്തിബഹുമാനങ്ങളും ചേർന്നതാണ് خشعة . അതിന്റെ ക്രിയാരൂപമാണ് خشع . ആരാധനാ വേളകളിൽ മനസ്സിൽ നിറയുന്ന ഭയഭക്തി വികാരത്തിന് خشوع എന്നു പറയും. അതീവ ഗുരുതരമായ സംഭവങ്ങളിൽ ചകിതരാകുന്നവരുടെ ഒച്ച ഒതുങ്ങിപ്പോവുക സ്വാഭാവികമാണ്. ഒരു മഹദ്‌വ്യക്തിയുടെ നിര്യാണത്തിൽ അദ്ദേഹത്തെ സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യുന്നവരുടെ ശബ്ദം താഴ്ന്നുപോകുന്നതുകാണാം. വൻ കുറ്റങ്ങളുടെ പേരിൽ പിടികൂടപ്പെടുന്ന ക്രിമിനലുകളുടെ അവസ്ഥയും ഇതു തന്നെ. നിയമത്തോടും നിയമപാലകരോടുമുള്ള ഭയമാണതിനു കാരണം. ഈ ഭയത്തിന്റെ സീമന്താവസ്ഥയാണ്, ഉയിർത്തെഴുന്നേൽപിനെ നിഷേധിച്ചിരുന്നവർ ഉയിർത്തെഴുന്നേൽപിക്കപ്പെടുകയും ദൈവിക കോടതിയിലേക്ക് ആട്ടിത്തെളിക്കപ്പെടുകയും ചെയ്യുമ്പോൾ നേരിടുന്നത്. കഴിഞ്ഞുപോയ ഭൗതികജീവിതം പാഴാക്കിയതിനെക്കുറിച്ച് അവർ പരസ്പരം അടക്കിപ്പിടിച്ചു സംസാരിക്കുന്നു. ആ പിറുപിറുപ്പിന്റെ നേരിയ മുഴക്കമല്ലാതെ മറ്റൊരൊച്ചയും അവിടെ കേൾക്കുകയില്ല. 103-ാം സൂക്തത്തിൽ പരാമർശിച്ച പിറുപിറുപ്പിന്റെ മറ്റൊരു ഭാഷ്യമാണിത്. രഹസ്യസംസാരത്തിനും മനുഷ്യന്റെയും ഒട്ടകത്തിന്റെയും കാലൊച്ചക്കും ഉപയോഗിക്കുന്ന പദമാണ് همس. കാലൊച്ച, രഹസ്യ സംസാരം എന്നീ രണ്ടർഥവും ഇവിടെ പ്രസക്തമാകുന്നു.

## 109

പരലോകത്തെയും രക്ഷാശിക്ഷകളെയും കുറിച്ച് ഉപദേശിക്കുമ്പോൾ അവിശ്വാസികളായ വിഗ്രഹാരാധകർ പറയാറുണ്ടായിരുന്നു: അങ്ങനെയൊരു പരലോകവും രക്ഷാശിക്ഷകളുമൊക്കെ ഉണ്ടായാലും ഞങ്ങൾക്ക് പേടിക്കാനില്ല. ഞങ്ങൾ പൂജിക്കുന്ന ദേവീദേവന്മാർ പരമേശ്വരനോട് ശിപാർശ ചെയ്ത് ഞങ്ങളെ ശിക്ഷകളിൽ നിന്നൊക്കെ രക്ഷിച്ചുകൊള്ളും. ഈ വ്യാമോഹത്തെ നിഷേധിക്കുകയാണിവിടെ. شفاعة-ശിപാർശ സംബന്ധിച്ച ഇസ്‌ലാമിന്റെ നിലപാട് സൂറഃ *അൽബഖറ* 255 *മർയം* 86-87 സൂക്തങ്ങൾക്കു താഴെ *ഖുർആൻ ബോധനം* ചർച്ച ചെയ്തിട്ടുണ്ട്. ഇവിടെ പറയുന്നതിതാണ്: ഭൗതിക ജീവിതത്തിൽ ഉയിർത്തെഴുന്നേൽപും വിചാരണയും നിഷേധിച്ചുവാണവർക്ക്, പരലോകത്തെത്തിയാൽ അവർ വാദിച്ചിരുന്ന ശിപാർശകളൊന്നും ഫലപ്പെടുകയില്ല. അല്ലാഹുവിന്റെ മുമ്പിൽ ഒച്ചകളെല്ലാം ഒതുങ്ങിപ്പോകുന്ന സാഹചര്യത്തിൽ ആരും അവർക്കുവേണ്ടി ശിപാർശ ചെയ്യാൻ ധൈര്യപ്പെടുകയുമില്ല. അല്ലാഹുവിന്റെ അനുമതി ലഭിക്കുന്നവർ മാത്രമേ അവിടെ സംസാരിക്കുകയുള്ളൂ.

يَوْمَ يَقُومُ ٱلرُّوحُ وَٱلْمَلَـٰٓئِكَةُ صَفًّا ۖ لَّا يَتَكَلَّمُونَ إِلَّا مَنْ أَذِنَ لَهُ ٱلرَّحْمَـٰنُ وَقَالَ صَوَابًا ﴿٣٨﴾

(ആത്മാവും മലക്കുകളും അണിയണിയായി നിലകൊള്ളും നാളിൽ അവർക്കാർക്കും സംസാരിക്കാനാവില്ല. കരുണാമയനായ അല്ലാഹു അനുമതി നൽകിയവനും ശരിയായതു മാത്രം പറയുന്നവനുമല്ലാതെ-*അന്നബഅ്*:38).

۞ وَكَم مِّن مَّلَكٍ فِى ٱلسَّمَـٰوَٰتِ لَا تُغْنِى شَفَـٰعَتُهُمْ شَيْـًٔا إِلَّا مِنۢ بَعْدِ أَن يَأْذَنَ ٱللَّهُ لِمَن يَشَآءُ وَيَرْضَىٰٓ ﴿٢٦﴾

(വാനലോകത്ത് എത്രയോ മലക്കുകളുണ്ട്. അവരുടെയൊന്നും ശിപാർശ ഒരു പ്രയോജനവും ചെയ്യില്ല, അല്ലാഹു ഇച്ഛിക്കുകയും തൃപ്തിപ്പെടുകയും ചെയ്തവർക്കുവേണ്ടി അനുമതി നൽകിയ ശേഷമല്ലാതെ-*അന്നജ്മ്*:26). ശിപാർശ സമർപ്പിക്കാനുള്ള അനുമതി മാത്രം ലഭിച്ചാൽ പോരാ; ആർക്കുവേണ്ടിയാണോ ശിപാർശ ചെയ്യുന്നത്, അയാൾക്കു വേണ്ടി സംസാരിക്കാനുള്ള അനുവാദവും വേണം. അതാണ് 'അല്ലാഹു ഇച്ഛിക്കുകയും തൃപ്തിപ്പെടുകയും ചെയ്തവർക്കുവേണ്ടി'- لِمَن يَشَآءُ وَيَرْضَىٰٓ എന്ന വാക്കിന്റെ താൽപര്യം. ഈ സൂക്തത്തിൽ അവനുവേണ്ടി സംസാരിക്കുന്നത് ഇഷ്ടപ്പെടുകയും ചെയ്തവൻ- وَرَضِىَ لَهُۥ قَوْلًا എന്ന വാക്യത്തിൽ അവതരിപ്പിക്കുന്നതും ഈ ആശയം തന്നെ. പ്രവാചകവര്യന്മാരെപ്പോലുള്ള ചില മഹാന്മാർക്ക് അല്ലാഹുവിന്റെ മുമ്പിൽ സംസാരിക്കാൻ അനുമതി ലഭിച്ചേക്കും. എന്നുവെച്ച് അവർക്ക് തോന്നുന്നതൊക്കെ അവിടെ പറയാനൊന്നും കഴിയുകയില്ല. ശരിയായ

കാര്യം-صواب-മാത്രമേ പറയാനനുവാദമുള്ളൂ. ശിപാർശ പറയുകയാണെങ്കിൽ ആർക്കുവേണ്ടിയാണോ ശിപാർശ ചെയ്യുന്നത്, അവർക്കുവേണ്ടി സംസാരിക്കുന്നത് അല്ലാഹു തൃപ്തിപ്പെടുകയും വേണം. ആരുടെ കാര്യത്തിൽ കുറ്റസമ്മതമോ ക്ഷമാപണമോ വിട്ടുവീഴ്ചയോ ഒന്നും സ്വീകരിക്കുകയില്ലെന്ന് അല്ലാഹു തീരുമാനിച്ചിട്ടുണ്ടോ, അവർക്ക് വേണ്ടി ശിപാർശ ചെയ്യാവുന്നതല്ല. അഥവാ ചെയ്താൽ അതൊട്ടും പ്രയോജനപ്പെടുകയുമില്ല. അല്ലാഹുവിലും അവന്റെ ദൂതന്മാരിലും വേദങ്ങളിലും പരലോകത്തിലും വിശ്വസിക്കാത്തവരും അല്ലാഹുവിനെ വെടിഞ്ഞ് വ്യാജദൈവങ്ങളെ ആരാധിച്ചവരും ഈ വിഭാഗത്തിൽ പെട്ടവരാണ്.

وَرَضِيَ لَهُۥ قَوۡلًا എന്ന വാക്കിന്റെ ഭാഷാർഥം 'അവനുവേണ്ടി വചനത്തെ തൃപ്തിപ്പെട്ടു' എന്നാണ്. വ്യാഖ്യാതാക്കൾ ഇതിനെ രണ്ടുതരത്തിൽ വ്യാഖ്യാനിച്ചിരിക്കുന്നു. ഒന്ന് നാം തർജമയിൽ കൊടുത്തതുപോലെ, 'അവനുവേണ്ടി സംസാരിക്കുന്നത് ഇഷ്ടപ്പെടുകയും ചെയ്താലല്ലാതെ.' അതായത്, ആർക്കുവേണ്ടിയാണോ ശിപാർശ ചെയ്യുന്നത്, അയാൾക്കുവേണ്ടി ശിപാർശ കേൾക്കുന്നത് അല്ലാഹു തൃപ്തിപ്പെടേണം. സത്യവിശ്വാസികളായിരിക്കെ ചില പാപങ്ങൾ ചെയ്ത് ശിക്ഷാർഹരായിത്തീർന്നവർ ശിപാർശ അർഹിക്കുന്നവരാണെന്ന് കരുതപ്പെടുന്നു. إِلَّا مَنۡ أَذِنَ لَهُ -യാതൊരുവന് അനുമതി നൽകിയോ അവനല്ലാതെ-എന്ന് വാക്യത്തിലെ 'അവൻ' തന്നെയാണ് رضى له എന്നതിലെ അവനും എന്ന അടിസ്ഥാനത്തിലുള്ളതാണ് മറ്റൊരു വ്യാഖ്യാനം. അതായത് അല്ലാഹു ഒരാൾക്ക് ശിപാർശക്ക് അനുമതി നൽകുകയും അയാളുടെ സ്ഥാനപദവികളുടെ മഹത്വത്താൽ അയാൾ പറയുന്നത് കേൾക്കാൻ ഇഷ്ടപ്പെടുകയും ചെയ്യണം. അത്തരക്കാരുടെ ശിപാർശയല്ലാതെ ഒരു ശിപാർശയും പ്രയോജനപ്പെടുകയില്ല. ശിപാർശക്ക് അനുമതി ലഭിച്ചവർക്ക് തങ്ങളാഗ്രഹിക്കുന്നവർക്കുവേണ്ടി ശിപാർശ സമർപ്പിക്കാവുന്നതാണ്. പക്ഷേ ശിപാർശ അർഹിക്കാത്തവരായിരിക്കരുത്. അനർഹർക്കുവേണ്ടി ശിപാർശ ചെയ്യുന്നത് ശരിയായ കാര്യമല്ലല്ലോ. ശരിയായതുമാത്രം പറയുകയെന്നത് അല്ലാഹുവിന്റെ മുന്നിൽ സംസാരിക്കാൻ അനുമതി ലഭിക്കുന്നതിനുള്ള ഉപാധിയാണ്.

قولا കൊണ്ട് വിവക്ഷ 'ലാഇലാഹ ഇല്ലല്ലാഹ് മുഹമ്മദുർറസൂലുല്ലാഹ്' എന്ന കലിമതുത്തൗഹീദാണെന്നും ചിലർ അഭിപ്രായപ്പെട്ടിരിക്കുന്നു. ആ വചനം ചൊല്ലുന്നവർ ശിപാർശ ചെയ്യപ്പെടുന്നതിന് അർഹരാകുന്നു. പരലോകത്തെ ശിപാർശയെ പരാമർശിക്കുന്ന ഇതര സൂക്തങ്ങൾ കൂടി പരിഗണിക്കുമ്പോൾ ആദ്യം പറഞ്ഞ വ്യാഖ്യാനമാണ് കൂടുതൽ യുക്തമായിട്ടുള്ളത്.

## 110

**അ**ൽബഖറ 255-ാം സൂക്തത്തിലും ലഘുവായ പാഠഭേദത്തോടെ ഈ വചനം വന്നിട്ടുണ്ട്. വചന താൽപര്യം *ഖുർആൻ ബോധനം* അവിടെ വിശദീകരിച്ചിരിക്കുന്നു. പരലോകത്ത് ശിപാർശകൾ പ്രയോജനരഹിതമാകുന്നതിന്റെ ന്യായം വ്യക്തമാക്കിയിരിക്കുകയാണിവിടെ. അല്ലാഹുവിന്റെ ജ്ഞാനം സർവത്തെയും വലയം ചെയ്തിട്ടുള്ളതാണ്. അവന്റെ ജ്ഞാനമാകട്ടെ അപാരവും അപരിമേയവുമാണ്. അതിനു പുറത്ത് ഒന്നുമില്ല. ഓരോ സൃഷ്ടിയുടെയും ഭൂതവും ഭാവിയും വർത്തമാനവും അവൻ വ്യക്തമായി അറിയുന്നു. സൃഷ്ടികളാരും അവന്റെ അറിവിനെ പൂർണമായി അറിയുന്നില്ല. وَلَا يُحِيطُونَ بِهِۦ عِلۡمًا എന്നാണ് മൂലവാക്ക്. ഒരു കാര്യം പൂർണമായി ഗ്രഹിക്കുന്നതിനാണ് احاط به علما എന്നു പറയുക. ഇവിടെ به -എന്ന വാക്ക് സൂചിപ്പിക്കുന്നത് അല്ലാഹുവിന്റെ അറിവിനെയാണ്. അല്ലാഹുവിനെത്തന്നെയുമാകാം. അല്ലാഹുവിനെ പൂർണമായി ഗ്രഹിക്കാൻ അവർക്കാവില്ല എന്നാകും അപ്പോൾ ആശയം.

ശിപാർശയുടെ അടിസ്ഥാനം ശിപാർശ സ്വീകരിക്കുന്ന ആളുടെ തെറ്റുധാരണ അകറ്റലോ അയാൾക്ക് അറിയാത്ത കാര്യങ്ങൾ അറിയിക്കലോ ആണ്. ഒരു അധികാരിയുടെ മുന്നിൽ ഒരാൾ ജോലി തേടിയെത്തുന്നു. അയാൾക്ക് ഉദ്ദിഷ്ട ജോലിക്കുള്ള വൈദഗ്ധ്യമില്ലെന്ന്, അല്ലെങ്കിൽ കാര്യക്ഷമതയില്ലെന്ന് തോന്നി അധികാരി അയാളുടെ അപേക്ഷ തിരസ്കരിക്കുന്നു. ഈ സന്ദർഭത്തിൽ മറ്റൊരാൾ വന്ന്, ആ യുവാവ് തനിക്ക് നേരിട്ടറിയാവുന്ന ആളാണെന്നും യഥാർഥത്തിൽ വിദഗ്ധനും കാര്യപ്രാപ്തനുമാണെന്നും ബോധ്യപ്പെടുത്തി അയാളെ ജോലിക്കെടുക്കണമെന്ന് ശിപാർശ ചെയ്യുന്നു. ഒരു മേലാധികാരി ഏതെങ്കിലും വീഴ്ചയുടെ പേരിൽ ഒരു കീഴാളനെതിരെ ശിക്ഷാ നടപടിയെടുക്കുന്നു. വേണ്ടപ്പെട്ട ഒരാൾ വന്ന് വീഴ്ചകളെ വെല്ലുന്ന പല മികവുകളും നന്മകളും അയാൾക്കുണ്ടെന്ന് ബോധ്യപ്പെടുത്തി, അയാളുടെ ശിക്ഷ ഇളവുചെയ്യാൻ ശിപാർശ ചെയ്യുന്നു. ഈ രണ്ടു രൂപങ്ങളിലും ശിപാർശകൻ ചെയ്യുന്നത് തെറ്റിദ്ധാരണയോ അറിവില്ലായ്മയോ മൂലം മേലാളനിൽനിന്നുണ്ടായ തെറ്റായ തീരുമാനം തിരുത്തുകയാണ്. അല്ലാഹുവിനെ സംബന്ധിച്ചേടത്തോളം ആരെക്കുറിച്ചും ഇത്തരം തെറ്റിദ്ധാരണക്കോ അറിവില്ലായ്മക്കോ ഒട്ടും ഇടമില്ല. ശിപാർശകനെക്കാൾ, അയാൾ ആർക്കുവേണ്ടിയാണോ ശിപാർശ ചെയ്യുന്നത് അയാളെ അറിയുന്നവനാണ് അല്ലാഹു. ശിപാർശയിലൂടെ മേലാളരെ തെറ്റിദ്ധരിപ്പിച്ചു കാര്യം നേടുകയാണ് മറ്റൊന്ന്. അല്ലാഹുവിനോട് അതു നടപ്പില്ല. ശിപാർശകന് മേലാളന്റെ അധികാരത്തിലുള്ള പങ്കാളിത്തത്തിന്റെയോ അയാളിലുള്ള മികച്ച സ്വാധീനത്തിന്റെയോ പേരിൽ, ശിക്ഷാർഹരായ ആളുകൾക്കുവേണ്ടി ശിപാർശ ചെയ്യുകയാണ് ഇനിയൊന്ന്. അല്ലാഹുവിന്റെ അധികാരത്തിൽ പങ്കാളിത്തമുള്ളവരോ അവന്റെ നടപടികളെ സ്വാധീനിക്കാൻ കഴിയുന്നവരോ ആരുമില്ല. ഒരുവൻ എങ്ങനെയുള്ളവനാണ്, അവന്റെ കർമങ്ങളെന്തൊക്കെയാണ്, അവനോട് സ്വീകരിക്കേണ്ട സമീപനമെന്താണ് എന്നൊക്കെ അറിയാൻ അല്ലാഹുവിന്ന് ആരുടെയും സഹായം വേണ്ട. എല്ലാം അവന്റെ ജ്ഞാനത്തിൽ തന്നെ ഉണ്ട്. അവനുദ്ദേശിക്കുന്ന കാര്യം നടപ്പാക്കാനും വേണ്ട ആരുടെയും സഹായം. ശിപാർശക്കുള്ള അനുവാദം ചിലർക്ക് അല്ലാഹു നൽകുന്ന ഒരു ബഹുമതിയാണ്. യഥാർഹം ഉപയോഗിക്കാൻ കഴിയുന്നവർക്കു മാത്രമേ ആ ബഹുമതി ലഭിക്കൂ. അനുമതി ലഭിച്ചാൽ അല്ലാഹു ഉദ്ദേശിക്കാത്തവർക്കും ഇഷ്ടപ്പെടാത്തവർക്കും വേണ്ടി സംസാരിക്കാൻ ധൃഷ്ടരാകുന്നവർക്ക് ആ അനുമതി തന്നെ ലഭിക്കാൻ പോകുന്നില്ല.

## 111

**പ**തിത്വത്തിന്റെയും നിരാലംബാവസ്ഥയുടെയും എളിമത്വ

ത്തിന്റെയും പ്രകടനമായ عنو ൽ നിന്നുള്ള ക്രിയയാണ് عنت. عنت الوجوه له എന്നാൽ എല്ലാ നിലയിലും അയാൾക്ക് കീഴടങ്ങി, അയാളുടെ മുന്നിൽ പ്രണാമം ചെയ്തു എന്നർഥം. الحي القيوم ന്റെ അർഥം *ഖുർആൻ ബോധനം* അൽബഖറ 255-ാം സൂക്തത്തിനു താഴെ വിശദീകരിച്ചിരിക്കുന്നു. അതിക്രമവും അനീതിയുമാണ് ഭാഷാർഥത്തിൽ ظلم. വിശുദ്ധ ഖുർആൻ ബഹുദൈവവിശ്വാസം, വിഗ്രഹാരാധന എന്ന അർഥത്തിലും ഈ പദം പലയിടത്തും ഉപയോഗിച്ചിട്ടുണ്ട്. ഇവിടെയും ഉദ്ദേശ്യം 'ശിർക്ക്'-ബഹുദൈവാരാധന ആണെന്ന് ഖുർആൻ വ്യാഖ്യാതാക്കൾ പൊതുവിൽ അഭിപ്രായപ്പെട്ടിരിക്കുന്നു.

തങ്ങളുടെ ദേവീദേവന്മാർക്ക് അല്ലാഹുവിന്റെ മുമ്പിൽ വമ്പിച്ച സ്ഥാനമാനങ്ങളും അലംഘനീയമായ സ്വാധീനങ്ങളുമുണ്ടെന്നാണ് വിഗ്രഹാരാധകരുടെ വിശ്വാസം. അവർക്ക് എന്തുവേണമെങ്കിലും നിസ്സങ്കോചം അല്ലാഹുവിനോട് പറയാം. അല്ലാഹുവാകട്ടെ, അവർ ആവശ്യപ്പെടുന്നതെന്തും സാധിച്ചുകൊടുക്കാനും ഏതു ശിപാർശയും നടപ്പിലാക്കാനും സദാ സന്നദ്ധനാണ്. ഇത്തരം മിഥ്യാധാരണകൾ പുലർത്തുന്നവർ മനസ്സിൽ നിന്ന് അത് തൂത്തെറിയട്ടെ എന്നാണ് പറയുന്നത്. അല്ലാഹുവിന്റെ നടപടികളിൽ സ്വാധീനം ചെലുത്താനും അവനെ സ്വന്തം ഇഷ്ടങ്ങൾക്കൊത്ത് തുള്ളിക്കാനും കഴിയുന്ന അവസ്ഥയൊന്നും ആർക്കും ലഭിക്കുകയില്ല. അവന്റെ മുമ്പിൽ വിനീതരും വിധേയരും നിസ്സാരരുമായി ഭയഭക്തിയോടെ ശിരസ്സു നമിക്കുന്നവരാണെല്ലാവരും. ഇവിടെ 'അൽഅസ്മാഉൽ ഹുസ്നാ'യിലെ-വിശിഷ്ട ദൈവിക നാമങ്ങളിലെ الحي - القيوم എന്നീ നാമങ്ങൾ പരാമർശിച്ചതിന് സവിശേഷമായ സാംഗത്യമുണ്ട്. അറേബ്യൻ വിഗ്രഹാരാധകർ വാസ്തവത്തിൽ ഒരു അല്ലാഹുവിൽ-പരമേശ്വരനിൽ വിശ്വസിച്ചിരുന്നു. അവരുടെ സങ്കൽപത്തിൽ കുടുംബത്തിലെ പ്രായമേറിയ പിതാമഹനെപ്പോലെയാണ് അല്ലാഹു. തന്റെ ഉത്തരവാദിത്തങ്ങളെല്ലാം പിന്മുറക്കാർക്ക് ഒഴിഞ്ഞുകൊടുത്ത് ഒരു മൂലയിലൊതുങ്ങി വിശ്രമ ജീവിതം നയിക്കുകയാണവൻ!-معاذ الله. ഈ സങ്കൽപം അവരെ സാക്ഷാൽ ദൈവത്തിൽനിന്ന് ബഹുദൂരം അകറ്റുകയും ആരോപിത ഉപദൈവങ്ങളിലും ശിപാർശകരിലും വിശ്വാസമുറപ്പിച്ചവരാക്കുകയും ചെയ്തു. ഈ സങ്കൽപത്തെ നിഷേധിച്ചുകൊണ്ട് ഖുർആൻ പറയുകയാണ്: അല്ലാഹു നിഷ്ക്രിയവും നിശ്ചേതനവുമായ ഒരസ്തിത്വമല്ല. നിത്യജീവത്തായ ദൈവമാണവൻ. താൻ സൃഷ്ടിച്ച പ്രപഞ്ചം കൈകാര്യം ചെയ്യാൻ ആരെയോ ഏൽപിച്ച് ഏതോ മൂലയിൽ അടങ്ങിയൊതുങ്ങി കഴിഞ്ഞുകൂടുന്ന രോഗാതുരനുമല്ല. ഈ പ്രപഞ്ചത്തിന്റെ സകല കാര്യങ്ങളും സംവിധാനിക്കുന്നതവനാണ്. അവന്റെ നിതാന്തമായ മേൽനോട്ടത്തിലാണ് എല്ലാം ചലിച്ചുകൊണ്ടിരിക്കുന്നത്. അതിനാൽ ഉപദൈവങ്ങളെ പ്രീണിപ്പിച്ച് അവരുടെ മറവിൽ സാക്ഷാൽ ദൈവത്തിന്റെ പിടിയിൽനിന്ന് രക്ഷപ്പെടാമെന്ന് ആരും വ്യാമോഹിക്കേണ്ട. പാപഭാരം പേറുന്നവരായിരുന്നാലും പരലോകത്ത് പരാജയപ്പെടുക തന്നെ ചെയ്യും. ■

